

THURSDAY 21-07-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-21/07/2022.

1. കഴിഞ്ഞ രണ്ട് ആഴ്ചയായി അനുഭവപ്പെടുന്ന കനത്ത മഴയെ തുടർന്നുണ്ടായ പ്രകൃതി ക്ഷോഭത്തിൽ വയനാട് ജില്ലയിൽ വ്യാപകമായുണ്ടായ കൃഷി നാശനഷ്ടം വിലയിരുത്തുന്നതിനും തൽസ്ഥിതി റിപ്പോർട്ട് ചെയ്യുന്നതിനും മറ്റു നടപടികൾ ത്വരിതപ്പെടുത്താനുമായി പ്രത്യേക സംഘത്തെ നിയോഗിച്ചതായി കൃഷിമന്ത്രി പി.പ്രസാദ് അറിയിച്ചു. കർഷകർക്ക് അടിയന്തിര ഘട്ടങ്ങളിൽ ആവശ്യമായ സഹായം എത്തിക്കുന്നതിന് കൃഷി ഉദ്യോഗസ്ഥർ ഏത് സമയത്തും ജാഗരൂകരായിരിക്കണമെന്ന് മന്ത്രി നിർദ്ദേശം നൽകി.

2. രാജ്യത്തെ ചെറുകിട നാമമാത്ര കർഷകരുടെ ഉന്നമനത്തിനായി 2018 ഡിസംബർ ഒന്നു മുതൽ കേന്ദ്രസർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി. പി എം കിസാൻ എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളായ കർഷകർക്ക് വർഷത്തിൽ മൂന്നുതവണയായി 6000 രൂപ അവരുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് നൽകുന്നു. പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് കർഷകർ അവരുടെ ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിക്കേണ്ടതാണ്. കാർഷിക മേഖലയുടെ വികസനത്തിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ആയി ഡിജിറ്റൽ സാങ്കേതിക വിദ്യ വ്യാപകമായി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി പി എം കിസാൻ പദ്ധതിയിൽ അംഗങ്ങളായ എല്ലാ കർഷകരുടെയും ഒരു സംയുക്ത ഡാറ്റാബേസ് രൂപീകരിക്കുന്നതിന് കേന്ദ്രസർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി പി എം കിസാൻ ഗുണഭോക്താക്കൾ അവരവരുടെ സ്വന്തം കൃഷിഭൂമിയുടെ വിവരങ്ങൾ കൂടി സമർപ്പിക്കേണ്ടതുണ്ട്. ഇതിനായി സംസ്ഥാന കൃഷി വകുപ്പിന്റെ എയിംസ് പോർട്ടലിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. പി എം കിസാൻ ആനുകൂല്യം തുടർന്ന് ലഭ്യമാകുന്നതിനായി എല്ലാ പി എം കിസാൻ ഗുണഭോക്താക്കളും ജൂലൈ 31-ന് മുൻപായി എയിംസ് പോർട്ടലിൽ സ്വന്തം പേരിലുള്ള ഭൂമിയുടെ വിവരങ്ങൾ അടിയന്തരമായി ചേർക്കേണ്ടതാണെന്ന് കൃഷിവകുപ്പ് ഡയറക്ടർ അറിയിക്കുന്നു. കൂടാതെ പി എം കിസാനിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് **'ekyc'** നിർബന്ധമാക്കിയിട്ടുണ്ട്. ആയതിനാൽ എല്ലാ പി

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എം കിസാൻ ഗുണഭോക്താക്കളും **ജൂലൈ 31**-ന് മുൻപായി നേരിട്ട് പി എം കിസാൻ പോർട്ടൽ വഴിയോ അക്ഷയ സി എസ് സി തുടങ്ങിയ ജനസേവന കേന്ദ്രങ്ങൾ വഴിയോ **ekyc** ചെയ്യേണ്ടതാണ്.

3. കേരള കാർഷിക സർവ്വകലാശാലയുടെ സെൻട്രൽ നഴ്സറിയിൽ **മോഹിത് നഗർ ഇനത്തിൽപ്പെട്ട അടയ്ക്ക തൈകൾ** ഒരു തൈക്കു 35 രൂപ നിരക്കിലും വേര് പിടിപ്പിച്ച **പന്നിയൂർ–1 കുരുമുളക് തൈകൾ** ഒരു തൈക്കു 10 രൂപ നിരക്കിലും വിൽപനയ്ക്കു തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർക്ക് വിൽപന വിഭാഗത്തിൽ നിന്ന് ഇവ വാങ്ങിയ്ക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് **0487–2438622** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം കൃഷിഭവന്റെ പരിധിയിലുള്ള കഴക്കൂട്ടം അയിരൂർപാറ വില്ലേജുകളിലെ പ്രധാനമന്ത്രി കിസാൻ സമ്മാൻ യോജനയുടെ ആനുകൂല്യം തുടർന്നും ലഭിക്കുന്നതിനായി നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന കർഷകർ തങ്ങളുടെ കൃഷിഭൂമിയുടെ വെരിഫിക്കേഷൻ കൃഷിഭവന്റെ എയിംസ് പോർട്ടൽ മുഖേന ഈ മാസം 25-ന് (ജൂലൈ 25) മുമ്പായി ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം തുടർ ആനുകൂല്യം ലഭിക്കുന്നതല്ലെന്നും ലാൻഡ് വെരിഫിക്കേഷൻ ചെയ്യുന്നതിന് കഴക്കൂട്ടം കൃഷിഭവനിൽ ഈ മാസം 25 (ജൂലൈ 25) വരെ ഹെൽപ് ഡെസ്ക് പ്രവർത്തിക്കുന്നതാണെന്നും കൃഷി ഓഫീസർ അറിയിക്കുന്നു.

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ പിട കോഴിക്കുഞ്ഞുങ്ങളെ 22 രൂപ നിരക്കിലും, പൂവൻകോഴിക്കുഞ്ഞുങ്ങളെ 10 രൂപ നിരക്കിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ ലഭ്യമാണ്. താൽപര്യമുള്ളവർ **0479–2452277** എന്ന ഫോൺ നമ്പരിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ചിപ്പിക്കൂൺ വിത്ത് വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. 300 ഗ്രാം പായ്ക്കറ്റിന് 45 രൂപയാണ് വില. ആവശ്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

7. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് വേണ്ടി ഇറച്ചിക്കോഴികളെ വളർത്തി നൽകാൻ താൽപര്യമുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ മാനേജിംഗ് ഡയറക്ടർ,

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

കെപ്‌കോ, പേട്ട, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ ലഭിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000922, 9495000915, 9495000918** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

8. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ജൂലൈ 21) രാവിലെ 11 മണിക്ക് **പ്രകൃതികൃഷി** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. കാർഷിക മേഖലയിലെ ഇൻപുട്ട് ഡീലർമാർക്കും സംരംഭകർക്കുമായി നടത്തുന്ന **ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ എക്സ്റ്റൻഷൻ സർവ്വീസ് ഫോർ ഇൻപുട്ട് ഡീലേഴ്സ്** എന്ന കോഴ്സിലേയ്ക്ക് തിരുവനന്തപുരം ജില്ലയിൽ അപേക്ഷ ക്ഷണിയ്ക്കുന്നു. കൃഷി ഓഫീസറുടെ ശുപാർശ പ്രകാരം ഈ മാസം 30 ന് മുമ്പായി തിരുവനന്തപുരം കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷനിൽ പ്രവർത്തിയ്ക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറേറ്റിൽ അപേക്ഷകൾ നൽകേണ്ടതാണെന്ന് തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടർ അറിയിക്കുന്നു.

10. തിരുവനന്തപുരം പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 25 മുതൽ ഓഗസ്റ്റ് 5 വരെ **സ്വയംതൊഴിൽ സംരംഭകർക്കും വീട്ടമ്മമാർക്കുമായി ക്ഷീരോത്പന്ന നിർമ്മാണ**ത്തിൽ 10 ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഈ മാസം 23-നു (ജൂലൈ 23) മുമ്പായി പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പാലസ് പി.ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ, **0471-2440911** എന്ന ഫോൺ നമ്പരിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

11. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 27-ന് (27/07/22) രാവിലെ 10 മുതൽ 5 വരെ **താറാവ് വളർത്തൽ** എന്ന വിഷയത്തിൽ നേരിട്ട് സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. താൽപര്യമുള്ളവർ **0469-2965535** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522711** എന്ന വാട്ട്സാപ്പ് നമ്പരിൽ വാട്ട്സാപ്പ് സന്ദേശം അയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

12. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ **മാസം 26–ന് കാട വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

13. **കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- മഴ ലഭിക്കുന്ന സാഹചര്യത്തിൽ തെങ്ങിൽ കൂമ്പു ചീയലിനുള്ള സാധ്യതയുള്ളതിനാൽ മുൻകരുതലെന്ന നിലയിൽ തുരിശും ചുണ്ണാമ്പും കലർന്ന ലായനി (1 % ബോർഡോ മിശ്രിതം ) തെങ്ങിൻ മണ്ടയിലും ഇലകളിലുമായി തളിക്കുക. രോഗം ബാധിച്ച തെങ്ങുകളിൽ സമർത് (SAMARTH) 3 മില്ലി 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ നേർപ്പിച്ച ലായനി തെങ്ങിന് 300 മില്ലി എന്ന അളവിൽ മണ്ടയിലും ഇലകളിലുമായി തളിച്ച് കൊടുക്കുക

- പയറിൽ കരിവള്ളി (ആന്ത്രാക്നോസ്) രോഗം വ്യാപകമായി കണ്ടു വരുന്നു. കായിലും തണ്ടിലും കറുത്ത നിറത്തിലുള്ള പുള്ളിക്കുത്തുകൾ കാണപ്പെടുന്നതാണ് രോഗ ലക്ഷണം. ഈ പുള്ളിക്കുത്തുകൾ ക്രമേണ ഇലകരിച്ചിലായി മാറുന്നു. കായ പിടിത്തം കുറയാനും ഈ രോഗം കാരണമാകുന്നു. രോഗം പ്രതിരോധിക്കുന്നതിനായി സ്യുഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് 2 ആഴ്ച ഇടവേളകളിലായി തളിച്ച് കൊടുക്കുക. രോഗം ബാധിച്ചവയിൽ **ബാവിസ്റ്റിൻ** 1 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്തോ അല്ലെങ്കിൽ **സാഫ്** 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്തോ തളിച്ച് കൊടുത്ത് രോഗം നിയന്ത്രിക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം